ആദ്യത്തെ ആശയവിനിമയവും ഭാഷയും: വളർച്ചയുടെ നിരീക്ഷണങ്ങൾ

| സ്റ്റേജ് | ശ്രദ്ധയും ശ്രദ്ധക്ഷണിക്കലും | മനസ്സിലാക്കൽ (സ്വീകാര്യമായ ഭാഷ) | സംസാരം (പ്രകടനപരമായ ഭാഷ) | സാമൂഹിക സംവേദനം |
|---|---|---|---|---|
| 0-11 മാസങ്ങൾ | പരിചിതമായ ശബ്ദത്തിലേക്ക് തിരിയുക, പിന്നീട് ശബ്ദത്തിന്റെ നിര സൂക്ഷ്മമായി കണ്ടെത്തുക.ഉയർച്ച ശ്രദ്ധിക്കുക, വാക്കിലെ ശബ്ദം, സ്വരഭേദം എന്നിവയ്ക്ക് പ്രതികരിക്കുക. സംസാരശബ്ദത്തെ ശാസിക്കുക.ശ്രദ്ധിക്കേണ്ടത്-കുട്ടിയുടെ നിയന്ത്രണത്തിലല്ല, എല്ലാ ശ്രദ്ധയിലും പുതിയ രീതി ഉണ്ടാകണം. | സ്വന്തം പേര് കേൾക്കുമ്പോൾ നിൽക്കുന്നതും നോക്കുന്നതും.(12 മാസങ്ങൾ) | മോട്ടോർ കളികളിൽ ആനന്ദിക്കുക (ഉദാഹരണം രാസ്ബെറീസ് ഊതുക, നാക്ക് പുറത്തേക്ക് നീട്ടുക, മുഖം വികൃതമാക്കുക)അനുക്രമമായി വാക്കുകൾ കൊണ്ട് മുതിർന്നവരോട് സംവദിക്കുക, ബാബാ, നോനോ,ഗോഗോ എന്നീ വാക്കുകൾ ഉച്ചരിച്ച് (11 മാസങ്ങൾ വരെ) | മുഖം നോക്കി, മുഖചലനങ്ങൾ പകർത്തുന്നത് ഉദാഹരണം നാക്കു നീട്ടുന്നത്. മുഖം തുടർന്ന് ശ്രദ്ധിക്കുകയും സംവേദനങ്ങളിൽ സന്തോഷിക്കുന്നതും ഉദാഹരണം ചിരിക്കുന്നത്.വാക്ക്, ആംഗ്യം, കണ്ണിന്റെ ചലനം, മുഖഭാവം എന്നിവ ഉപയോഗിച്ച് അന്യരെ ബന്ധപ്പെടുന്നതും അവരുടെ ശ്രദ്ധയാകർഷിക്കുന്നതും |
| 8-20 മാസങ്ങൾ | 8-20 മാസങ്ങൾ -----സ്വയം തെരഞ്ഞെടുക്കപ്പെട്ട ചെറിയ ഇടവേളകളിൽ ഒരു വസ്തുവിലോ, പ്രവൃത്തിയിലോ സൂക്ഷ്മമായി ശ്രദ്ധിക്കുക. ശബ്ദത്തിൽ നിന്നോ, മറ്റുള്ളവരുടെ ഭാഷണങ്ങളിൽ നന്നോ എളുപ്പം സ്വാംശീകരിക്കാവുന്ന പ്രധാന ഉത്തേജകത്തിൽ ശ്രദ്ധയൂന്നുക. അവർ ആനന്ദിക്കുന്ന സംഗീതം, അല്ലെങ്കിൽ പ്രത്യേക ശബ്ദം എന്നിവയിൽ മുഴുവൻ | പ്രത്യേക വ്യക്തിയുടെ പരിചിതമായ വിഷയങ്ങളിൽ വ്യത്യസ്ത രീതിയിൽ പ്രതികരിക്കുന്നത് (ഉദാഹരണത്തിന് മമ്മി എവിടെ ?, നിന്റെ മൂക്ക് എവിടെ ?)ഒറ്റ വാക്കുകൾ മനസ്സിലാക്കാൻ കഴിയുന്നത് (ഉദ്ഹരണം കപ്പ്, പാൽ, ഡാഡി). | ഒറ്റ വാക്കുകൾ ഉപയോഗിക്കൽ. ഇതിന് യു-ഓ, ബ്രിം ബ്രിം, മംമംമം തുടങ്ങിയ സംവേദന ശബ്ദങ്ങളും ഒച്ചകളും, മൃഗങ്ങളുടെ ശബ്ദവും ഉൾപ്പെടുത്താം (16 മാസങ്ങൾ വരെ).തുടർച്ചയായി വാക്കുകളും ശബ്ദങ്ങളും അനുകരിക്കുക. വിവിധ തലത്തിലെ ആവശ്യത്തിന് ശബ്ദവും വാക്കുകളും പരീക്ഷണാർത്ഥം ഉപയോഗിക്കുക (ഉദാഹരണം ടെഡി, മോർ, നോ, ബൈബൈ) | പരിചയമുള്ള മുതിർന്നവരെ ഇഷ്ടപ്പെടുന്നതും ശ്രദ്ധിക്കുന്നതും. മുതിർന്നവരുടെ ശരീരഭാഷ അനുകരിക്കാനുള്ള ശേഷി വർധിപ്പിക്കുന്നത്, ചൂണ്ടിക്കാണിക്കുന്നതും ആംഗ്യങ്ങളും ഉൾപ്പെടെ.അവരുടെ വാക്കുകളും പ്രവൃത്തിയും അന്യർക്ക് അറിയുന്നുവെന്ന തിരിച്ചറിയൽ. ചോദ്യത്തിന് കണ്ണുകളുടെ ഭാവം ഉപയോഗിക്കുന്നതും, |

| | | | | |
|---|---|---|---|---|
| | മാറ്റുക.പൂർണമായ പ്രതികണം ഉണ്ടാകുന്ന വിധം. | | | പ്രകടിപ്പിക്കുന്നതും (18 മാസം വരെ) |
| 16-26 മാസങ്ങൾ | ചെറിയ പാട്ടുകൾ, കഥകൾ എന്നിവയിൽ താളബദ്ധമായ ആനന്ദമുണ്ടാകുന്നത് ശ്രദ്ധിക്കുക. പ്രവർത്തനങ്ങൾ, ശബ്ദാനുകരണങ്ങൾ എന്നിവ ചെറിയ പാട്ടുകൾ, പ്രകടനങ്ങൾ എന്നിവ പരിശീലിക്കുന്നതിലൂടെ ആനന്ദം ഉണ്ടാക്കുക. പ്രത്യേക ശ്രദ്ധ, കേൾക്കാത്ത [illegible] | പരിചിതമായ വസ്തുക്കളെ പേര് പറഞ്ഞാൽ തെരഞ്ഞെടുക്കുന്നതും, ചോദിച്ചാൽ ചെന്ന് വസ്തുവിനെ കണ്ടെത്തുന്നതും, ഒരു ഗ്രൂപ്പിൽ നിന്ന് വസ്തുവിനെ തിരിച്ചറിയുന്നതും. | തുടക്കത്തിൽ രണ്ട് വാക്കുകൾ ചേർത്ത് പറയുക (ഉദാഹരണം പന്ത് വേണം, അധികം ജ്യൂസ്) (24 മാസങ്ങൾ വരെ).നിത്യോപയോഗത്തിലുള്ള വാക്കുകളുടെ ഉപയോഗം (നാമം, ക്രിയ ഉദാഹരണം വാഴപ്പഴം, പോവുക,ഉറങ്ങുക, ചൂട്).ചെറിയ ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങുക | കളിപ്പാട്ടങ്ങളുമായി കളിക്കാനുള്ള താത്പര്യവർധന. ( മറ്റുള്ളവരുടെ നോട്ടത്തിൽ കുട്ടിക്ക് ചിന്തിക്കാൻ സഹായകം). ഉറച്ച പ്രതികരണത്തിനായി അന്യരെ നോക്കുക, സംഭാവന നൽകുക, അല്ലെങ്കിൽ ധാരണയെ വെല്ലുവിളിക്കുക. |
| 22-36 മാസങ്ങൾ | ഒരേ തരത്തിലുള്ള ശ്രദ്ധ.പൂർണ ശ്രദ്ധ നേടുമ്പോൾ വ്യത്യസ്ത രീതിയിലേക്ക് മാറാം-കുട്ടിയുടെ പേര് ഉപയോഗിച്ച് ഫോക്കസ് ചെയ്യാം. (36 മാസം വരെ).അവർ കഥകൾ വായിക്കുമ്പോൾ മുതിർന്നവർ പുറപ്പെടുവിക്കുന്ന ശബ്ദത്തിൽ ആനന്ദിക്കുന്നുവോയെന്നും ശ്രദ്ധിക്കാം. പരിചയമുള്ള വിവിധ ശബ്ദങ്ങൾ തിരിച്ചറിയുന്നതും പ്രതികരിക്കുന്നതും, ഉദാഹരണത്തിന് വാതിലിലെ മുട്ടുകൾ കേട്ട് തിരിയുക, അടയ്ക്കുക, [illegible] | ശരിയായ ചിത്രം കാട്ടുമ്പോൾ വാക്കിലൂടെ തിരിച്ചറിയുന്നത്.ഉദ്ഹാരണം ആരാണ് ചാടുന്നത് ? (30 മാസങ്ങൾ).ആര്,എന്ത്,എവിടെ എന്നീ ചെറിയ ചോദ്യങ്ങൾ മനസ്സിലാക്കുന്നത്. (ഉദാഹരണം ആരാണത് / കഴിയുമോ ?, എന്താണത് ?, എവിടെയാണത് ?)ചെറിയ പ്രമേയങ്ങൾ മനസ്സിലാക്കുന്നതിലെ മികവ് (ഉദ്ഹരണം വലുത്/ചെറുത്). | ചെറിയ വാക്കുകൾ പതിയെ പഠിക്കുക, അവ സംസാരത്തിൽ ഉപയോഗിക്കുക.കുറച്ചു വാക്കുകളോടെയുള്ള പ്രവൃത്തികൾ, ഇവിടെയും ഇപ്പൊഴും ചേർന്നവ (ഉദാഹരണം എനിക്ക് കിട്ടി എന്നു പറഞ്ഞ് കളിപ്പാട്ടത്തിന് അടുത്തേക്ക് പോകുന്നത്).വ്യത്യസ്തമായ ചോദ്യങ്ങൾ ഉപയോഗിക്കുന്നത് (ഉദാഹരണം എവിടെ,എപ്പോൾ,ആര്).ചെറിയ വാക്യങ്ങൾ ഉപയോഗിക്കുക (ഉദാഹരണം മമ്മി ജോലിക്ക് പോയി).അവസാനിക്കുന്ന വാക്കുകളിൽ തുടങ്ങുന്നത് (ഉദാഹരണം പോകുന്നു, പൂച്ച) | ഭാഷയെ ബന്ധങ്ങൾ വിപുലീകരിക്കാൻ, വിചാരങ്ങൾ പങ്കുവയ്ക്കാൻ, പരിശീലനം, ചിന്ത എന്നിവ പങ്കിടാൻ ഉപയോഗിക്കുക. വിഷയത്തിൽ നിന്നും വിഷയത്തിലേക്ക് മാറുന്ന വിധം സംഭാഷണം. മുതിർന്നവരുമായും മറ്റുള്ള കുട്ടികളുമായും സന്തോഷത്തോടെ സംസാരിക്കൽ. അന്യരുടെ കളിയ്ൽ താത്പര്യവും ഒത്തുചേരലും. അന്യരുടെ വികാരങ്ങൾക്ക് പ്രതികരിക്കുക.. |

| | | | | |
|---|---|---|---|---|
| 30-50 മാസങ്ങൾ | സംഭാഷണങ്ങളിൽ താത്പര്യപ്പെടുമ്പോൾ മറ്റുള്ളവരെ ഒറ്റയ്ക്കോ, ചെറുസംഘങ്ങളായോ ശ്രദ്ധിക്കുന്നത്. കഥകൾ കൂടുതൽ ശ്രദ്ധയോടെയും ഓർമയോടെയും കേൾക്കുന്നത്. ചെറിയ പാട്ടുകളിലും കഥകളിലും പ്രധാന സംഭവങ്ങളിൽ ആവർത്തന സ്വഭാവത്തോടെ ഒത്തുചേരുന്നത്. ശ്രദ്ധ കേന്ദ്രീകരണം- ഇപ്പൊഴും ശ്രദ്ധിക്കുക, അല്ലെങ്കിൽ ചെയ്യുക,എന്നാൽ സ്വന്തം ശ്രദ്ധ ക്ഷണിക്കലിലേക്ക് പോവുക.നിർദ്ദേശങ്ങൾ അനുസരിക്കാൻ കഴിയുക (സ്വന്തം പ്രവൃത്തി തെരഞ്ഞെടുക്കുന്നതിൽ ഫോക്കസ് ചെയ്യാൻ കഴിയാതെ വരുന്നത്) | വസ്തുക്കളുടെ പ്രയോജനം മനസ്സിലാക്കൽ (ഉദാഹരണം സാധനങ്ങൾ മുറിക്കാൻ നമ്മൾ എന്ത് ഉപയോഗിക്കുന്നു ?)താഴെ, മുകളിൽ, പുറകിൽ തുടങ്ങിയ വാക്കുകൾ ആംഗ്യത്തിലൂടെയോ, ചിത്രം കാണിച്ചോ മനസ്സിലാക്കുന്നത്. എന്തുകൊണ്ട്, എങ്ങനെ എന്ന ചോദ്യങ്ങൾ മനസ്സിലാക്കാൻ തുടങ്ങുന്നത്.. | ചിന്തയ്ക്ക് ചേരുന്ന വിധം കൂടുതൽ സങ്കീർണ വാക്യങ്ങൾ ഉപയോഗിച്ചുള്ള തുടക്കം.(ഉദാഹരണം ആൻഡ്, ബികോസ് എന്നിവ ചേർത്ത്). പഴയ സംഭവത്തെ ശരിയായ രീതിയിൽ ഓർമിക്കുന്നത് (ഉദാഹരണം താഴെ വഴുതി വീണു, കൈ മുറിഞ്ഞു).ആശയങ്ങൾ ചേർത്തുള്ള സംഭാഷണം, സംഭവിക്കുന്നത് എന്തെന്നും ഇനിയെന്ത് സംഭവിക്കുമെന്നും , പഴയ സംഭവങ്ങൾ ഓർത്തെടുക്കുന്നത്.എന്തു കൊണ്ട് സംഭവിക്കുന്നുവെന്ന ചോദ്യവും അവയുടെ വിശദീകരണവും. ആര്,എന്ത്,എപ്പോൾ,എങ്ങിനെ എന്ന് ഉദാഹരണത്തിന് ചോദിക്കുക. ഒരു നിരയിലെ ക്രിയകൾ ഉപയോഗിക്കുക (ഉദാഹരണം കളി, കളിക്കുന്നു, കളിക്കും, കളിച്ചു) | അന്യരുടെ ആവശ്യങ്ങൾ അറിഞ്ഞ് സഹകരിക്കുന്നത്.സംഭാഷണങ്ങൾക്ക് മുതിരുന്നത്. അന്യരുടെ സഹായം, നിർദ്ദേശം എന്നിവയിൽ ഉറപ്പ് പ്രകടിപ്പിക്കുന്നത്. വീട്, സമൂഹം എന്നിവയെക്കുറിച്ച് നിർബാധം സംസാരിക്കുന്നത്. മറ്റ് കുട്ടികളുമായി സൗഹൃദം പങ്കിടുന്നത്. |
| 40-60+ മാസങ്ങൾ | അവർ കേൾക്കുന്ന പ്രത്യേക നിർദ്ദേശം, ചോദ്യം, പ്രവൃത്തി എന്നിവയിലെ പ്രതികരണത്തിലെ പ്രത്യേക ശ്രദ്ധയൂന്നൽ. ശ്രദ്ധിക്കുക, ശ്രദ്ധയൂന്നുക, ശരിയായ സമയങ്ങളിൽ മിണ്ടാതിരിക്കുക. ചേർന്നുള്ള ശ്രദ്ധ-വിവിധ തരത്തിലെ അവസരങ്ങളിൽ വിവിധ വ്യക്തികളുമായി വേറിട്ട | നർമം തിരിച്ചറിയുന്നത്.ഉദാഹരണം ചെറിയ പാട്ടുകൾ, തമാശകൾ, തെറ്റുകൾ. എന്ത്,എങ്ങനെ എന്നീ ചോദ്യങ്ങൾ വിവരണത്തോടെ വിശദീകരിക്കാൻ മനസ്സിലാക്കുന്നത്. ഒരു കഥ ചിത്രങ്ങളില്ലാതെ മനസ്സിലാക്കാൻ കഴിയുന്നത്. തുടർന്നുള്ള വാക്കുകൾ ചേർന്ന നിർദ്ദേശം മനസ്സിലാക്കുന്നത്. ആദ്യം,പിന്നീട്,അവസാനം. | പുതിയ വാക്കുകളുടെ ശബ്ദം അർഥം എന്നിവ വ്യക്തമാകുന്ന വിധം വാക്കുകളുടെ ശേഷി സംഘം ചേർന്നും ഒറ്റയ്ക്കും വർധിപ്പിക്കുക. പ്രസ്താവങ്ങളിൽ ചേർന്നും പ്രധാന പ്രമേയത്തിൽ ഊന്നിയുമുള്ളത്. കളിയുടെ അവസരങ്ങളിൽ ഭാഗമാകുന്ന വിധം സങ്കൽപ്പിക്കുന്നതിന് ഭാഷ ഉപയോഗിക്കുക. സംഭവങ്ങളെ തിരിച്ചറിയുന്ന വിധം ചിന്തയെ വ്യക്തമാക്കുന്ന രീതിയിൽ സംസാരം തയ്യാറാക്കുക. | അവരുടെ സ്വന്തം ആവശ്യം,താത്പര്യം, അഭിപ്രായം എന്നിവയെക്കുറിച്ച് അന്യരുമായി സംസാരിക്കാനുള്ള ഉറപ്പ്. അന്യർ പറയുന്നതിലെ വസ്തുത ഉൾക്കൊണ്ട് സംഭാഷണത്തിന് തയ്യാറാകുന്നത്. അന്യരോട് സ്വന്തം അറിവ് വിവരിക്കുകയും മനസ്സിലാക്കുകയും |

| | | | | |
|---|---|---|---|---|
| | കൃത്യങ്ങൾ ചെയ്യാനും ശ്രദ്ധിക്കാനും കഴിയുന്നത്. | കുറേക്കൂടി സങ്കീർണമായ വിഷയങ്ങൾ- നീണ്ടത്,ചെറുത്, പൊക്കം, കഠിനം, മൃദുത്വം, പരുക്കൻ. | കഥാപ്രമേയം അവതരിപ്പിക്കുക, അല്ലെങ്കിൽ അവരെ കളിയിലേക്ക് നയിക്കുക. | ആവശ്യമായ ചോദ്യങ്ങൾ ഉന്നയിക്കുന്നതും. സംസാരിക്കുമ്പോൾ ശ്രദ്ധിക്കുന്നയാളിന്റെ താത്പര്യം. ശരിയായ രീതിയിൽ താത്പര്യവും വികാരവും പ്രകടിപ്പിക്കൽ. മുതിർന്നവരോട് നല്ല ബന്ധം ഉണ്ടാക്കൽ. ഒരു വിഭാഗവുമായി സംസാരരീതിയിൽ ചേർന്ന് പ്രവർത്തിക്കുന്നത്. |

ആദ്യത്തെ സംവേദനം ഭാഷ എന്നിവയെ നിരീക്ഷിക്കുന്നതിലെ സൂചനകൾ

**നിരീക്ഷണം മികച്ച ചേർന്ന തീരുമാനങ്ങളും**

- തുടർച്ചയായ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ എത്തുന്ന തീരുമാനങ്ങളിലാണ് ഒരു കുട്ടിയുടെ വളർച്ചയുടെ ഘട്ടങ്ങൾ വിലയിരുത്തേണ്ടത്
- വിവിധതലത്തിലെ സംഭവങ്ങളിൽ കുട്ടികൾ ചെയ്യുന്നതും പറയുന്നതും, വീട്ടുകാരിൽ നിന്നും വീട്ടിൽ അവർ ചെയ്യുന്നതും പറയുന്നതുമായ വിവരങ്ങളുമാണ് നിരീക്ഷണത്തിൽ ഉൾപ്പെടുത്തേണ്ടത്.
- ഇംഗ്ലീഷ് പ്രത്യേക ഭാഷയായി പഠിക്കുന്ന കുട്ടികളുടെ കാര്യത്തിൽ അവർ വീട്ടിൽ മാതൃഭാഷ ഉപയോഗിക്കുന്നതും വീട്ടിൽ എങ്ങനെ സംവദിക്കുന്നുവെന്നും വീട്ടുകാരിൽ നിന്നും ചോദിച്ചറിയേണ്ടത് പ്രധാനമാണ്.
- ഓരോ ഘട്ടത്തിനും മികച്ച ചേർന്ന രീതിയാണ് വിലയിരുത്തൽ. ഇത് കുട്ടിയെക്കുറിച്ച് അറിയാനും ബാൻഡിൽ പറയുന്ന വളർച്ചയുടെ വിവരങ്ങൾ ഒത്തുനോക്കാനും പരിഗണിക്കണം. ഇത് ഒരോ ആശയവിനിമയത്തിനും ഭാഷയ്ക്കും പ്രത്യേകമായി പരിഗണിക്കണം
- എല്ലാ ബാൻഡിലും രണ്ടു തലത്തിൽ വിധിനിർണയിക്കണം- കുട്ടി ആ തലത്തിൽ മികവ് കാട്ടുന്നുവോയെന്നത് മുന്നേറ്റമായും (Emerging), കുട്ടിയുടെ അപ്പോഴത്തെ വികാസത്തിൽ നിർദ്ദേശങ്ങളെല്ലാം ചേരുന്നുവോയെന്നും- നേടിയതായും (Secure)
- സംസാരത്തിന്റെ ശബ്ദവളർച്ച പ്രത്യേകമായി

| **സംസാര ശബ്ദത്തിന്റെ പ്രത്യേകവികസനത്തിന്റെ നിർദ്ദേശങ്ങൾ** | |
|---|---|
| **സ്റ്റേജ്** | **സംസാരത്തിന്റെ ശബ്ദങ്ങൾ**<br>(സംസാരത്തിന്റെ വികാസം, മനസ്സിലാക്കൽ എന്നിവ എല്ലാ ഭാഷയ്ക്കും ചേർന്നതാണ്. പ്രത്യേക ശബ്ദങ്ങൾ നേടുകയെന്നത്- ഇവിടെ ഇംഗ്ലീഷിൽ- മറ്റ് ഭാഷകളിൽ വ്യത്യസ്തമായിരിക്കും) |
| **0-11 മാസങ്ങൾ** | ഉറപ്പ്, താളം, ഒച്ച എന്നിവയിൽ മാറ്റത്തോടെ വ്യത്യസ്ത തലത്തിലെ ശബ്ദമിശ്രണമുള്ള ജൽപ്പനങ്ങൾ. വീട്ടിലെ ഭാഷയുടെ താളവും സ്വരവുമുള്ള ജൽപ്പനങ്ങൾ. |
| **8-20 മാസങ്ങൾ** | ജൽപ്പനങ്ങൾ ചേർന്ന സംഭാഷണം, വാക്കുകൾക്കുള്ള ശ്രമം, ചില ശരിയായതും എന്നാൽ മനസ്സിലാക്കാൻ പ്രയാസമുള്ളതുമായ വാക്കുകൾ. |
| **16-26 മാസങ്ങൾ** | ധാരാളം അപക്വമായ സംഭാഷണരീതികൾ, അതിനാൽ വർത്തമാനം വ്യക്തമാകില്ല. അവസാനത്തെ പദങ്ങളോ, ചേർന്നുള്ള പദങ്ങളോ വിട്ടുപോവുക (ഉദാഹരണം ടാപ്പ്, കാപ്പ്). വ്യഞ്ജനങ്ങളുടെ ഉപയോഗവും m,p,b,n,t,d,w,h. |
| **22-36** | ചില അപക്വമായ സംഭാഷണ രീതികൾ |

പരിഗണിക്കേണ്ടതില്ല.എന്നാലത് വലതുവശത്തെ ടേബിളിൽ പറയുന്ന പ്രകാരം പ്രത്യേകവികാസത്തെക്കുറിച്ചുള്ള അറിവിന് ഉപകരിച്ചേക്കും.

**സൂചനകളുടെ പരിശോധന**

- മികച്ച വിധിനിർണയത്തിന് ചില സൂചനകളുടെ പരിശോധനയും ഉൾപ്പെടുത്തിയിട്ടുണ്ട്. * എന്ന് രേഖപ്പെടുത്തിയ പ്രത്യേക വയസ്സ്, പ്രത്യേക നിർദ്ദേശം എന്നിവ ശ്രദ്ധിക്കേണ്ടതുണ്ട്.
- ഒരു കുട്ടി ചെക്ക്പോയന്റിൽ പറയുന്ന വയസ്സിൽ എത്തിയില്ലെങ്കിൽ അതൊരു പ്രയാസത്തിന്റെ സൂചനയായി കരുതേണ്ടതില്ല. ചെക്ക്പോയന്റിലെ നിർദ്ദേശങ്ങൾ കുടുംബവുമായി സംഭാഷണമുൾപ്പെടെയുള്ള അടുത്ത നിരീക്ഷണത്തിനും തുടർന്നുള്ള അവലോകനം അല്ലെങ്കിൽ സഹായം എന്നിവയ്ക്കുമാണ്.

| | |
|---|---|
| **മാസങ്ങൾ** | ബാക്കിയുണ്ടെങ്കിലും 36 മാസത്തിൽ അന്യർക്ക് മനസ്സിലാകുന്ന വിധം സംസാരം വ്യക്തമാകുന്നത്. അപ്പൊഴും പകരം ശബ്ദമോ, ശബ്ദം വിട്ടു പോകുന്നതോ. k,g,f,s,z,l,y ഉൾപ്പെടെ പുറത്തുവരുന്ന ശബ്ദങ്ങൾ. |
| **30-50 മാസങ്ങൾ** | സംസാരം അന്യർക്ക് മിക്കതും മനസ്സിലാകുന്നത്. ng,sh,ch,j,v,th,r എന്നിവയുടെ ഉപയോഗം കുറയുന്നത്. ചിലത് ചെറുതായാലും (ഗ്രീനിന് പകരം ഗ്വീൻ gween for green) ശഹ്ദസമൂഹം ഉയരുന്നത് (ഉദാഹരണം പ്ലേയിൽ pl, സ്മൈലിൽ sm). |
| **40-60 + മാസങ്ങൾ** | എല്ലാ ശബ്ദവും വ്യക്തം. അപ്പൊഴും r,th എന്നിവ വികസിക്കുന്നത്. ചെറിയ സങ്കീർണ സബ്ദസമൂഹങ്ങൾ (ഉദാഹരണം skr,str) |

## മികച്ച വളർച്ച സൃഷ്ടിക്കാൻ

- ഓരോ കുട്ടിക്കും മികച്ച വളർച്ചയുണ്ടാക്കാൻ സഹായിക്കുന്ന തികഞ്ഞ സഹായം നൽകുന്ന പദ്ധതിയാണ് കുട്ടികളുടെ വളർച്ചയുടെ നിരീക്ഷണം ലക്ഷ്യമിടുന്നത്.
- കുട്ടികളിലെ മികച്ച വളർച്ച നിരീക്ഷിച്ച് അറിയുന്നതിന്, പ്രതീക്ഷിച്ച പോലെ താളപ്പിഴയുള്ള കുട്ടികളുടെ അനുപാതത്തിൽ നിന്ന് തിരിച്ചറിയാം. ഇത് ഭാഷയുടെയും ആശയവിനിമയത്തിന്റെയും മുന്നേറ്റത്തിലാണ് നിലകൊള്ളുന്നത്. മികവു കാട്ടുന്ന കുട്ടികളുടെ അനുപാതം കൂടുകയാണെങ്കിൽ അവരിലെ താളപ്പിഴയിലെ മൂല്യം കുറയുന്നതായി പരിഗണിക്കാം.
- ഭാഷ, ആശയവിനിയമയം എന്നിവയിൽ ഒരു കുട്ടി മികവ് കാട്ടുന്നില്ലെന്ന് കണക്കായിയാൽ, ആ കുട്ടിയുടെ ശരിയായ മാസങ്ങൾ ചേർന്ന വയസ്സ്, അതിന് ചേരുന്ന മറ്റ് വയസ്സുകളോട് തീർച്ചയായും പരിഗണിക്കണം. ഒരു കുട്ടി ഏജ് ബാൻഡിന്റെ രണ്ട് മാസങ്ങൾക്കുള്ളിലും, ആ ബാൻഡിനുള്ളിലെ വികാസത്തിലെത്തിയില്ലെങ്കിലും, മുന്നേറ്റത്തിലാണെന്ന് വിലയിരുത്തിയാലും, റിസ്ക്ക് ഓഫ് ഡിലെ എന്ന (വികാസമില്ലായ്മ) നിരീക്ഷണം ഉചിതമാണ്.